# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2081 07.12.2015-ൽ മറുപടിയ്ക്ക്

### മയക്കമരുന്ന് മാഫിയയെ അമർച്ച ചെയ്യുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മയക്കമരുന്ന് മാഫിയയെ അമർച്ച ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) മയക്കമരുന്ന് മാഫിയയെ അമർച്ച ചെയ്ത് മയക്കമരുന്നുകളുടെ വ്യാപനം തടയുന്നതിനായി 'സ്പെഷ്യൽ ഡ്രൈവ് പ്രോജക്റ്റ് ,' ' ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ' പദ്ധതികളും കൂടാതെ ' ഓപ്പറേഷൻ സുരക്ഷ ' പോലുള്ള പദ്ധതികൾ പ്രകാരവും പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ നിരന്തരമായ റെയ്ഡുകളും മറ്റും നടത്തിയും മയക്ക മരുന്നുകളുടെ വ്യാപനം തടയാനുള്ള കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് ; | (ബി) വിദ്യാലയങ്ങളിലും സമൂഹത്തിലും മയക്കമരുന്നിന്റെ ഉപയോഗം, വ്യാപനം, വില്പന എന്നിവ തടയുക, സമൂഹത്തെ പ്രത്യേകിച്ച് യുവജനങ്ങളെ മയക്കമരുന്ന് വിപത്തിൽ നിന്നും മുക്തരാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, ' ജനമൈത്രി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ്സ് പോലീസ് മറ്റ് സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും സ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ലഹരി മരുന്നുകൾക്കെതിരെ എക്സൈസ് വകുപ്പ് കൈപ്പുസ്തകവും ലഘുലേഖകളും വിതരണം ചെയ്തും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സപ്പോർട്ടിംഗ് ടീം (SIST) -ന്റെ കീഴിൽ രൂപീകരിക്കപ്പെട്ട ആന്റി -നാർക്കോട്ടിക് സ്ക്വാഡിന്റെ പ്രവർത്തനം വഴിയും, രാത്രികാല വാഹന പരിശോധനകൾ നടത്തിയും മയക്ക മരുന്ന് ഉല്പന്നങ്ങളുടെ ഉപയോഗം, വ്യാപനം, വില്പന എന്നിവ തടയുന്നതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ